"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ്): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

സംഗ്രഹം

വൈദ്യുതി പോസ്റ്റിൽ കയറി ജോലി ചെയ്യുന്നതിനിടെയുള്ള വീഴ്ചയിൽ അപകടം ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട് - സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ഡി)

ബോ. ഉ (എഫ്.ടി. ഡി) നം : 887/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018) തിരുവനന്തപുരം തീയതി : 07.04.2018.

2018- ൽ ഇതുവരെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ പോസ്റ്റിൽ നിന്നും വീണുണ്ടായ അപകടങ്ങൾ താഴെ വിവരിക്കുന്നു

1. കരുവാറ്റ ഇലക്ട്രിക്കൽ സെക്ഷനിൽ 02. 02.2018- ൽ കരാർ ജീവനക്കാരന്റെ മരണകാരണം പോസ്റ്റിൽ നിന്നും വീഴുമ്പോൾ തറയിൽ വന്നിടിക്കാതിരിക്കാനായുള്ള ഹാംഗിഗ് ടൈപ്പ് ഫാൾ അറസ്റ്റിംഗ് സംവിധാനമുള്ള സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കാത്തതാണ്.
2. ആലപ്പുഴ ട്രാൻസ്മിഷൻ ഡിവിഷന്റെ പരിധിയിൽ 07.02.2018-നു 33 കെ വി ലൈനിൽ ജോലി ചെയ്യവെ കരാർ ജീവനക്കാരൻ 14 മീറ്റർ പൊക്കമുള്ള എ പോളിൽ നിന്നും വീഴുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തത് മേൽ സൂചിപ്പിച്ച തരത്തിലുള്ള സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കാത്തതു കൊണ്ടാണ്.
3. എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ തൃക്കാക്കര സെക്ഷൻ പരിധിയിൽ 14.02..2018-ൽ ഉണ്ടായ അപകടത്തിൽ കരാർ തൊഴിലാളി ഫോർ പോൾ സ്ട്രക്ചറിൽ നിന്നും വീണ് മരണപ്പെട്ടതും സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കാത്തതു കൊണ്ടാണ്.
4. 21.03.2018 നു മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷനു കീഴിലുണ്ടായ കരാർ ജീവനക്കാരന്റെ അപകടമരണത്തിലും മറ്റു സുരക്ഷ വീഴ്ചകളോടൊപ്പം പോസ്റ്റിൽ നിന്നും വീഴുമ്പോൾ തറയിൽ വന്നിടിക്കാതിരിക്കാനായുള്ള ഹാംഗിഗ് ടൈപ്പ് ഫാൾ അറസ്റ്റിംഗ് സംവിധാനമുള്ള സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കാത്തതും കാരണമാണ്.

സമാനമായ നിരവധി അപകടങ്ങളാണ് ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ഉണ്ടായിട്ടുള്ളത്. ഇതിനോടകം ചീഫ് സേഫ്റ്റി കമ്മിഷണർ സന്ദർശിച്ച ഏതാണ്ട് എല്ലാ ഇലക്ട്രിക്കൽ സെക്ഷനിലും പോസ്റ്റിൽ നിന്നും വീഴുമ്പോൾ തറയിൽ വന്നിടിക്കാതിരിക്കാനായുള്ള ഹാംഗിഗ് ടൈപ്പ് ഫാൾ അറസ്റ്റിംഗ് സംവിധാനമുള്ള സേഫ്റ്റി ബെൽറ്റ് ഉള്ളതായിട്ടാണു കാണുന്നത്. എന്നാൽ അത് വിതരണ മേഖലയിൽ ഭൂരിപക്ഷം ആൾക്കാരും ഉപയോഗിക്കുന്നതായി കാണുന്നില്ല.

CEA സേഫ്റ്റി റെഗുലേഷൻ, 2010 വകുപ്പ് 19 (2) ൽ സേഫ്റ്റി ബെൽറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ കൃത്യമായി ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വൈദ്യുതി പോസ്റ്റിൽ കയറി ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെ പ്രതിപാദിക്കുന്ന കാര്യങ്ങൾ പാലിക്കണമെന്ന് ബോർഡ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വൈദ്യുതി പോസ്റ്റിൽ കയറി ജോലി ചെയ്യുന്ന മുഴുവൻ ആൾക്കാരും പോസ്റ്റിൽ നിന്നും വീണാൽ തറയിൽ വന്നിടിക്കാതിരിക്കാനായുള്ള ഹാംഗിഗ് ടൈപ്പ് ഫാൾ അറസ്റ്റിംഗ് സംവിധാനമുള്ള സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കാതെ പോസ്റ്റിൽ കയറിയുള്ള യാതൊരുവിധ പ്രവർത്തിയും ചെയ്യരുത്.

"ഭരണഭാഷ- മാതൃഭാഷ"

2. വൈദ്യുതി പോസ്റ്റിൽ കയറി ജോലി ചെയ്യുമ്പോൾ ഉപയോഗിക്കേണ്ട ഹാംഗിഗ് ടൈപ്പ് ഫാൾ അറസ്റ്റിംഗ് സംവിധാനമുള്ള സേഫ്റ്റി ബെൽറ്റിന്റെ ലഭ്യത ഡിവിഷൻ തല സേഫ്റ്റി കമ്മറ്റി ചെയർമാൻ, സേഫ്റ്റി ഓഫീസർ എന്നിവർ ഉറപ്പാക്കാണം

3. പോസ്റ്റിൽ നിന്നും വീഴുമ്പോൾ തറയിൽ വന്നിടിക്കാതിരിക്കാനായുള്ള ഹാംഗിഗ് ടൈപ്പ് ഫാൾ അറസ്റ്റിംഗ് സംവിധാനമുള്ള സേഫ്റ്റി ബെൽറ്റ് ഉപയോഗിച്ചാണ് പ്രവർത്തികൾ ചെയ്യുന്നതെന്ന് സേഫ്റ്റി ഓഫീസർ, സെക്ഷൻ അധികാരി, സൂപ്പർവൈസർ എന്നിവർ ഉറപ്പാക്കണം.

ഫുൾ ടൈം ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ് /-

സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ (സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)